നമ്പർ. സി.ജി (2) 30599/2005. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 25.07.2005.

സർക്കുലർ നമ്പർ. 24/2005

വിഷയം:- സഹകരണവകുപ്പ്- വരൾച്ച- കാസർഗോഡ് ജില്ല- സഹകരണ ബാങ്കുകൾ/സംഘങ്ങളിൽനിന്നും കാർഷിക വായ്പയെടുത്തിട്ടുള്ള കർഷകർക്ക് ആശ്വാസ നടപടികൾ-ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:-

കാസർഗോഡ് ജില്ലയിലെ കർഷകർ പ്രത്യേകിച്ചും അടയ്ക്കാ കർഷകർ കാർഷികാവശ്യങ്ങൾക്കായി സഹകരണ ബാങ്കുകൾ/സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് വരൾച്ച മൂലം വിളനാശവും, വിലതകർച്ചയും സംഭവിച്ചിട്ടുള്ള സാഹചര്യത്തിൽ കഴിയാതെപോയി എന്നും, ആയതിനാൽ ടി വായ്പകളിന്മേലുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്നും ടി ജില്ലയിലെ കർഷകരിൽ നിന്നും ആവശ്യമുയർന്നതിന്റെ അടിസ്ഥാനത്തിൽ ടി ജില്ലയിലെ കർഷകർ കാർഷികാവശ്യങ്ങൾക്കായി സഹകരണ ബാങ്കുകൾ/ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തിയുൾപ്പെടെയുള്ള എല്ലാ നിയമനടപടികളും ടി സർക്കുലർ തീയതി മുതൽ ഒരു മാസത്തേയ്ക്ക് നിർത്തി വയ്ക്കേണ്ടതാണെന്ന് അറിയിക്കുന്നു.

ടി നിർദേശം ജോയിന്റ് രജിസ്ട്രാർ (ജനറൽ) തന്റെ നിയന്ത്രണത്തിലുള്ള സഹകരണസംഘങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും നൽകേണ്ടതും, അവർ ടി നിർദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(ഒപ്പ്)

കെ.കേശവൻ

സഹകരണസംഘം രജിസ്ട്രാർ ഇൻചാർജ്

പകർപ്പ്:

1. സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), (ആഡിറ്റ്), കാസർഗോഡ്
2. കാസർഗോഡ് ജില്ലയിലെ എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. ജനറൽ മാനേജർ, ജില്ലാ സഹകരണബാങ്ക്, കാസർഗോഡ്
4. എഡിറ്റർ സഹകരണ വീഥി
5. എഡിറ്റർ സഹകരണ ജേർണൽ
6. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
7. സ്റ്റോക്ക് ഫയൽ (8) സ്ജെയർ